പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 656 28.09.2011-ൽ മറുപടിയ്ക്ക്

ഫാർമസിസ്റ്റുകളുടെ കുറവ് പരിഹരിക്കാൻ നടപടി

| ചോദ്യം<br><br>ശ്രീ. പാലോട് രവി: | | ഉത്തരം<br><br>ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സർക്കാർ ആശുപത്രികളിൽ നിലവിലുള്ള തസ്തികകൾ ഫാർമസിസ്റ്റുകളെ നിയമിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സർക്കാർ ആശുപത്രികളിൽ നിലവിലുള്ള തസ്തികകൾ ഒഴിവ് വരുന്ന മുറയ്ക്ക് പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്ത് കാലതാമസം കൂടാതെ തന്നെ നിയമനം നൽകുന്നുണ്ട്. |
| (ബി) | ഫാർമസിസ്റ്റുകളുടെ കുറവുമൂലം യോഗ്യതയില്ലാത്തവരെക്കൊണ്ട് മരുന്നു വിതരണം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല |
| (സി) | ജി.ഒ(എം.എസ്)568/08/എച്ച്. ആന്റ് എഫ്. ഡബ്ല്യൂ.ഡി. തീയതി 06.11.2008 പ്രകാരം പി.എച്ച്.സി. കളെയും സി.എച്ച്.സി. കളെയും അപ്ഗ്രേഡ് ചെയ്യുതനുസരിച്ച് ഫാർമസിസ്റ്റുകളെയും നിയമിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; | (സി) | ജി.ഒ(എം.എസ്)568/08/എച്ച്. ആന്റ് എഫ്. ഡബ്ല്യൂ.ഡി. തീയതി 06.11.2008 ഉത്തരവിന്റെ അടിസ്ഥാനത്തിൽ അധിക തസ്തികകളൊന്നും സൃഷ്ടിച്ചിട്ടില്ല. ആവശ്യമായ ഫാർമസിസ്റ്റുകളുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചശേഷം ആയത് പരിഗണിക്കുന്നതാണ്. |
| (ഡി) | മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിലെ ഫാർമസിസ്റ്റ് നിയമനം പി.എസ്.സി. -ക്ക് വിടാൻ ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ടോ? | | ഇല്ല |

സെക്ഷൻ ഓഫീസർ